**Sacred Heart Knanaya Catholic Church**
**611 Maple St., Maywood, IL 60153**
**St. Mary's Knanaya Catholic Church**
**7800 W. Lyons St., Morton Grove, IL 60053**
Parish website: www.knanayaregion.us/chicago
Bulletins: www.knanayaregion.us/chicago/bulletin.htm

# CHICAGO KNANAYA CATHOLIC PARISH BULLETIN

**Volume 7, Issue 43, July 15, 2012**

## Second Anniversary of St. Mary's Knanaya Catholic Parish

**Thanksgiving Holy Mass and Celebration will be on**
**Sunday, August 5th at 10:00 A.M.**

### ADORATION & SEMINAR FOR YOUTH AT ST. MARY'S

- ☑ **One hour adoration for children (5th grade and up), and for youth will be held after 6:00 P.M. Holy Mass at St. Mary's on Friday, July 13th. Night Vigil for adults will continue in the church.**
- ☑ **Seminar will be held for children and youth (above age group) in the basement after the adoration on current topics of interest.**




Both sides of the newly installed shrine at Mary Hill Cemetery in Niles at the Knanaya Catholic Cemetery section for St. Mary's Knanaya Catholic Parish. Blessing of this shrine will be held on Sunday, July 22nd at 11:45 A.M.

### STAFF

**Pastor, St. Mary's: Fr. Abraham Mutholathu Jacob**
5212W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
**Pastor, Sacred Heart: Fr. Saji Pinarkayil**
589 N. Willow Rd., Elmhurst, IL 60126.
224-659-6586 sajipinarkayil@gmail.com
***www.knanayaregion.us/chicago***

### FOR HALL BOOKINGS

Sacred Heart: Baby Karikkal 630-901-5499
St. Mary's: Polson Kulangara 847-207-1274

### FOR SACRISTANS

Sacred Heart: Binoy Kizhakkanadyil 312-513-2361
St. Mary's: Sr. Xavier S.V.M. 847-603-8881 (Convent)
For list of other volunteers / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

### HOLY MASS

SUNDAY 10:00 A.M. at both churches.
5:30 P.M. at St. Mary's Church.
MONDAY - THURSDAY 7:00 P.M. at both churches.
FRIDAY 6:00 P.M. at St. Mary's & 7:00 P.M. at Sacred Heart.
SATURDAY 10:00 A.M. at both churches.

### RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:30 A.M. at both churches.

### ADORATION

First Fridays after Mass at both churches.
Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.
Night Vigil at St. Mary's on Second Fridays from 6:00 P.M. to 1:00 A.M. with Holy mass at 6:00 P.M. and 11:30 P.M.
3rd Fridays at St. Mary's for children & youth at 6:45 P.M.
4th Fridays at Sacred Heart for children & youth at 7:45 P.M.

### NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at St. Mary's.
St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.
Novena of St. Anthony at Sacred Heart on Tuesdays after 7:00 P.M. Holy Mass.

### PRAYER GROUP

Sundays after 10:00 A.M. Mass at both churches.

### ROSARY


Mon. - Thurs. 6:30 P.M. & Friday at 5:30 P.M. at St. Mary's.

### ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at both churches.

### LEGION OF MARY

Every Saturdays after Mass at Sacred Heart.
Every Thursday after 7:00 P.M. Mass at St. Mary's.




July 2012

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

**FRIDAY, JULY 13, 2012**
Feast of 70 Disciples of Jesus
Holy Mass at St. Mary's church at 6:00 P.M. and at Sacred Heart at 7:00 P.M.
Night Vigil for Children, Youth and Adults at St. Mary's after 6:00 P.M. Holy Mass.
Seminar for children and youth at St. Mary's from 8:00 P.M.

**SATURDAY, JULY 14, 2012**
Holy Mass and Novena at Sacred Heart and St. Mary's at 10:00 A.M.

**SUNDAY, JULY 15, 2012**
SEASON OF KAITHA. Feast of 12 Apostles
Feast Day of St. Kuriakose
Holy Mass at 10:00 A.M. at both churches.
Holy Mass at St. Mary's Church at 5:30 P.M.
St. Augustine Koodarayogam picnic at 4:00 P.M. to 9:00 P.M. at Saltcreek Park, 475 W. 2nd Street, Elmhurst. For details: Ninal Mundaplackil at 314-471-7427 or Thomas Neduvampuzha at 630-854-9517
St. James Koodara Yogam at 7:00 P.M. at the house of Cisy Chaakkalackal, 9280 Dee Road, Des Plaines. 847-208-5578.

**MONDAY, JULY 16, 2012**
Feast Day of Our Lady of Mount Carmel
Holy Mass at Sacred Heart & St. Mary's at 7:00 P.M.

**TUESDAY, JULY 17, 2012**
Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Anthony at Sacred Heart after Holy Mass.

**WEDNESDAY, JULY 18, 2012**
Holy Mass at Sacred Heart & St. Mary's at 7:00 P.M.

**THURSDAY, JULY 19, 2012**
Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Jude at St. Mary's after Holy Mass.

**FRIDAY, JULY 20, 2012**
Holy Mass at St. Mary's church at 6:00 P.M. and at Sacred Heart at 7:00 P.M.
Novena of St. Michael at S. H. Church after Holy Mass.
St. Pius X Koodara Yogam (new) at 7:30 P.M. at the house of Jacob Mannarkattil, 8816 N. Western Ave., 2G, Des Plaines 224-305-5452.

**SATURDAY, JULY 21, 2012**
Holy Mass and Novena at St. Mary's at 10:00 A.M.
Syro-Malankara Mass at Sacred Heart at 10:00 A.M.

**SUNDAY, JULY 22, 2012**
Feast Celebration of St. James at 10:00 A.M. at Sacred Heart Church by Jacob Pullappally and family and at St. St. Mary's by St. James' Koodarayogam (Coordinator: Stephen Kizhakkekuttu)
Blessing of Shrine at Maryhill Cemetery for St. Mary's Knanaya Catholic Church Cemetery at 11:45 A.M.



# സജിയച്ചന്റെ സന്ദേശം

## ജീവിതം എന്ന തീർത്ഥയാത്ര

എന്റെ പ്രിയ സഹോദരങ്ങളേ,

തീർത്ഥയാത്രയ്ക്കു സമാനമാണ് ജീവിതം. യാത്രയിൽ അവശ്യവസ്തുക്കളുടെ കരുതലും, ആവശ്യത്തിനുമാത്രമുള്ള കരുതലും അത്യാവശ്യമായി കയ്യിൽ കരുതേണ്ട ഡോക്കുമെന്റ്സും യാത്രയെ സുഗമവും ഉല്ലാസം നിറഞ്ഞതും ആപത്തു കുറഞ്ഞതുമാക്കാം. ഇപ്രകാരമുള്ള യാത്രകൾ ലക്ഷ്യത്തിലെത്തിക്കുകയും സാഫല്യം പകരുകയും ചെയ്യും. എന്നാൽ കരുതാത്തതും, അധികച്ചുമടും യാത്രയിൽ കിതപ്പും, കുതിക്കാൻ തടസ്സവുമാവും. ലക്ഷ്യത്തിലെത്താതെ മുടങ്ങുന്ന യാത്രകൾ, നിരാശയും, ധനനഷ്ടവും മാനഹാനിയും, തത്ഫലമായുള്ള വിരസതയ്ക്കും നിരാശയ്ക്കും ഇടയാക്കും. പരാജയം തന്റെ പ്രവർത്തിമൂലമല്ലെന്നും, മറിച്ച് തനിക്കുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ മറ്റൊരാൾ ചെയ്യാതിരുന്നതുകൊണ്ടും, തന്റെ കാര്യത്തിൽ വലിയ താല്പര്യമില്ലാത്തതുകൊണ്ട് തനിക്ക് ഈ ഗതിവന്നുവെന്ന് സ്വയം പരിതപിച്ച് ജീവിക്കുകയാവും ഇത്തരക്കാർ ചെയ്യുക.

നിന്റെ കാര്യത്തിൽ നിനക്കു ശ്രദ്ധയില്ലെങ്കിൽ മറ്റുള്ളവർ നിന്റെ കാര്യത്തിൽ എങ്ങനെ ശ്രദ്ധിക്കും. നിന്റെ ജീവിതം നിന്റേതുമാത്രമാണ്. മറ്റുള്ളവർ നിന്റെ ജീവിതത്തെ സുന്ദരമാക്കാൻ സഹായിക്കാനായി നല്കപ്പെട്ടവർമാത്രം. നല്കപ്പെട്ടതു നന്ദിയോടെ സ്വീകരിക്കുക. അതു മാത്രമാണ് നീ ചെയ്യേണ്ടത്. നിനക്കുവേണ്ടി അപരൻ ഭക്ഷണംകഴിച്ചാൽ നിന്റെ വിശപ്പ് മാറില്ല. മാറുന്നത് അവന്റെ വിശപ്പായിരിക്കും. നീരുവന്നു വീർത്ത നിന്റെ കൈകൾ ചികിത്സിക്കാതെ വേറൊരുവന്റെ കൈകൾ ചികിത്സിച്ചാൽ എന്തു പ്രയോജനം?

തീർത്ഥയാത്രകൾ പലതും തീർത്ഥജലം തേടുന്നവയാകണം. തീർത്ഥജലത്തിന്റെ ഉറവിടം നീ കണ്ടെത്തിയാൽ അവിടേയ്ക്കു പോകുന്നതും അതു സ്വായത്തമാക്കുന്നതും നിന്റെ ജിവിതത്തെ ഊഷ്മളമാക്കും. ജനിച്ചപ്പോൾ നീ ഒറ്റയ്ക്കായിരുന്നു. മരിക്കുമ്പോഴും നീ ഒറ്റയ്ക്കുതന്നെ. ജനനത്തിനും മരണത്തിനുമിടയിൽ നീ അനേകരെ കണ്ടു. അനേകർ നിന്നെകണ്ടു. നീ ഒത്തിരിപ്പേരെ സ്നേഹിച്ചു; അവർ നിന്നെയും. എന്നാൽ അവയെല്ലാം നിന്റെ ലക്ഷ്യത്തിലെ സഹായികൾ മാത്രമായി ദൈവം തന്നതല്ലേ? ജീവിതപങ്കാളിയായാലും മക്കളായാലും സുഹൃത്‌വലയംതന്നെ ഉണ്ടായാലും, നിന്റെ ലക്ഷ്യം നീ സ്വയം നേടിയെടുക്കണം. ജീവിതം തിരക്കുപിടിച്ചതാകുമ്പോൾ, തിരക്കിനിടയിൽ ലക്ഷ്യം മറന്നു നീ ജീവിക്കരുത്. ദൈവത്തിൽ നിന്നു നീവന്നു. അവിടുന്നിലേയ്ക്കുതന്നെ നീ തിരിച്ചുചെല്ലണം. മറിച്ച് ഈലോകത്തിലെ നൈമിഷിക സുഖങ്ങളിൽ കണ്ണുടക്കി നിന്റെ ലക്ഷ്യം നീ മറന്നാൽ, തന്നവൻ തന്നു പോയതിനെ ഓർത്തു ദുഃഖിക്കും.

നിന്റെ ആത്മാവിന്റെ വിശ്രമത്തിനായി നീ എന്തെങ്കിലും കരുതുന്നുണ്ടോ? "ലോകം മുഴുവൻ നേടിയാലും ആത്മാവു നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം?" (മത്തായി 16:26) എന്ന തിരുവചനം നൈമിഷിക സുഖങ്ങളിൽ കണ്ണുടക്കികിടന്ന ഫ്രാൻസീസിനെ പിടിച്ചുലച്ചപ്പോൾ അദ്ദേഹം എല്ലാം വിട്ടുപേക്ഷിച്ചുപോന്നു. അപ്പോൾ ചിലരെങ്കിലും അദ്ദേഹത്തെ വട്ടനെന്നു മുദ്രകുത്തി. എന്നാൽ കാലാന്തരത്തിൽ ലോകം തിരിച്ചറിഞ്ഞു, തങ്ങൾ വട്ടനെന്നു മുദ്രകുത്തിയവൻ സ്വയം വട്ടനാകാതിരിക്കാനും എല്ലാം നേടാനുമായിരുന്നു മറ്റെല്ലാം നഷ്ടപ്പെടുത്തിയതെന്ന്. തൽഫലമായി ആ ഫ്രാൻസീസ് വിശുദ്ധ ഫ്രാൻസീസ് സേവ്യറായി.

ഉടക്കിപോകാം, ഉടഞ്ഞും പോകാം. എന്നാൽ ഉടക്കിയിടത്തും ഉടഞ്ഞിടത്തും കിടന്നു നരകിക്കുന്നതല്ല, തിരിച്ചറിഞ്ഞ് തിരികെപ്പോയി എല്ലാം സ്വന്തമാക്കുന്നതാണ് ഉത്തമം. ലോകമോഹത്തിൽ കണ്ണുടക്കി സകലതും നശിപ്പിച്ച അഗസ്റ്റിൻ, ഒരുവേള തിരിച്ചറിഞ്ഞു, ഓടിയതും നേടിയതും ഒന്നുമല്ലായിരുന്നെന്ന്. തല്ഫലമായി, ഹൃദയത്തിൽ ഒരുതേങ്ങൽ: "ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും." ഈ അസ്വസ്ഥത വിശുദ്ധ ആഗസ്തോനീസിനെ ലോകത്തിനു നല്കി.

ഇതൊക്കെ ചരിത്ര സത്യങ്ങളും ജീവിത യാഥാർത്ഥ്യങ്ങളുമാണ്. നിന്റെ ജീവിതത്തിലെ കണക്കു പുസ്തകം തുറക്കപ്പെടുമ്പോൾ, നിനക്ക് എത്ര ബാങ്ക് ബാലൻസ് ഉണ്ടെന്നല്ല, ആത്മാവിന്റെ രക്ഷപെടലിന്റെ മാനദണ്ഡം. മറിച്ച്, തീർത്ഥജലം കാട്ടിത്തന്ന ഉറവിടത്തിൽ നീ എത്തി സ്വന്തമായി അത് പാനം ചെയ്തോ എന്നതാണ്. നിന്റെ യാത്ര ലക്ഷ്യത്തിലെത്തട്ടെ. വഞ്ചനയും കാപട്യവും കുതികാൽവെട്ടും കുരിശിലേറ്റലും കുത്തിനോവിക്കലും ക്രൂരവിനോദവും അധാർമ്മിക ജീവിതവും, എല്ലാം വെട്ടിപ്പിടിക്കാനും സ്വന്തമാക്കാനുമുള്ള ആഗ്രഹവും നിന്നെ കോമാളിയും ഒറ്റുകാരനുമാക്കും. ഒറ്റുകാരന്റെ ഇരിപ്പിടം അന്യൻ കവർന്നെടുക്കും. ഒറ്റുകാരൻ യൂദാ

(Continued on page 4)

## നറുങ്ങുവെട്ടം

**ദൈവത്തിനു പ്രീതികരമായതു പ്രവർത്തിക്കുമ്പോൾ അതു മറ്റുള്ളവർക്കു പ്രാകൃതമായി തോന്നാം.**



# പുരോഹിതനോട് പാപം ഏറ്റുപറയുന്നതെന്തിന്?

*കഴിഞ്ഞലക്കം തുടർച്ച*



***കുർബ്ബാന "കടങ്ങളുടെ പൊറുതി"ക്കാണല്ലോ അർപ്പിക്കപ്പെടുന്നത് പിന്നെന്തിനാണ് ഏറ്റുപറച്ചിൽ?***

ശരിയാണ്. നമ്മുടെ അനുദിന തെറ്റുകളിൽ നിന്നു നമ്മെ മോചിക്കുന്നതിനും മാരകപാപങ്ങളിൽ വീഴാതെ കാക്കുന്നതിനുമുള്ള പ്രതിവിധിയാണ് പരി. കുർബ്ബാന. പക്ഷേ ഗൗരവമേറിയ മാരകപാപങ്ങളിൽ വീണുപോയാൽ നാം പാപങ്ങൾ ഏറ്റുപറഞ്ഞേ പരി. കുർബ്ബാനയ്ക്കണയാവൂ. "അനുരഞ്ജിതരായിതീർന്ന് നവമൊരു പീഠമൊരുക്കി"യാണല്ലോ നാം പരി. കുർബ്ബാനയ്ക്കണയുന്നത്.

***എന്താണ് കുമ്പസാരത്തിൽ ഏറ്റുപറയേണ്ടത്?***

ആദ്യമായാണ് അനുരഞ്ജന കൂദാശ സ്വീകരിക്കുന്നതെങ്കിൽ മാമ്മോദീസ സ്വീകരിച്ചതിനുശേഷം മന:പൂർവ്വമായും അല്ലാതെയുംചെയ്ത എല്ലാ പാപങ്ങളും ഏറ്റുപറയണം. പിന്നീട് കുമ്പസാരിക്കുമ്പോൾ കഴിഞ്ഞ കുമ്പസാരത്തിനുശേഷം ചെയ്ത ലഘുവും മാരകവുമായ എല്ലാ പാപങ്ങളും തികഞ്ഞ അനുതാപത്തോടെ ഏറ്റുപറയണം. മാരകമായ പാപങ്ങൾ മറച്ചുവച്ച് ലഘുപാപങ്ങൾ മാത്രം ഏറ്റുപറഞ്ഞാൽ അത് വ്യാജകുമ്പസാരമാണ്. വ്യാജകുമ്പസാരം നടത്തുന്നവൻ ദൈവത്തിനെതിരായി ഒരു മാരകപാപംകൂടി ചെയ്യുന്നു. കാരണം, കള്ളകുമ്പസാരം കുമ്പസാരമേയല്ല; മറിച്ച്, മാരകപാപമാണ്. കള്ളകുമ്പസാരം നടത്തുന്നവർ അനനിയാസിനെയും സഫീറായെയും (ശ്ലീഹ. നട. 5:1-11) പോലെ പരിശുദ്ധാന്മാവിനോട് കള്ളം പറയുന്നതുകൊണ്ട് മാരകപാപം ചെയ്യുന്നു.

***വൈദികനോട് പാപങ്ങൾ സത്യസന്ധമായി ഏറ്റുപറഞ്ഞാൽ അദ്ദേഹം മറ്റുള്ളവരോട് വെളിപ്പെടുത്തുമോ?***

ഒരിക്കലുമില്ല. കാരണം, വൈദികൻ ആ പാപങ്ങൾ തനിക്കു ലഭിച്ച ദൈവിക അധികാരത്താൽ മോചിച്ചപ്പോൾ സ്വർഗത്തിലും ഭൂമിയിലും അവ മോചിക്കപ്പെടുകയും ക്ഷമിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് ആ പാപങ്ങൾ എത്ര മാരകമായാലും ഭൂമിയിലോ സ്വർഗ്ഗത്തിലോ നിലനില്ക്കുന്നില്ല. സ്വർഗ്ഗത്തിലും ഭൂമിയിലുമല്ലാത്ത പാപങ്ങൾ അച്ചനോർത്തിട്ട് എന്തുകാര്യം? വിശുദ്ധ അനുരഞ്ജനകൂദാശ സ്വീകരിക്കുന്നതോടുകൂടി പാപി വിശുദ്ധനാകുന്നു. അങ്ങനെ വിശുദ്ധനായ ഒരാളെക്കുറിച്ച് ഒരു വൈദികന് അദ്ദേഹത്തിന്റെ വിശുദ്ധിയല്ലാതെ മറ്റെന്താണ് പറയാൻ കഴിയുക? അങ്ങനെയൊരു ചരിത്രമില്ല. അതിനാൽ, കുമ്പസാരത്തിൽ ഏറ്റുപറയുന്ന പാപങ്ങൾ വൈദികൻ വെളിപ്പെടുത്തുമെന്ന് ആശങ്കയും ഭയവും ഉണ്ടാക്കുന്നത് പിശാചാണ്.

***അനുരഞ്ജന കൂദാശ സ്വീകരിക്കാൻ എങ്ങനെയാണ് ഒരുങ്ങേണ്ടത്?***

വിശുദ്ധ കുമ്പസാരം യാന്ത്രികമായി നടത്താനുള്ളതല്ല. ദൈവകല്പനകളുടെയും തിരുവചനത്തിന്റെയും വെളിച്ചത്തിൽ ദൈവതിരുമുമ്പിലിരുന്ന് ആത്മശോധന ചെയ്യണം. ആത്മശോധനയിലൂടെ, തിരിച്ചറിഞ്ഞ ലഘുവും മാരകവുമായ പാപങ്ങളെയോർത്ത് ഉള്ളുരുകി അനുതപിക്കണം. ചെയ്തുപോയ പാപങ്ങൾ മേലിൽ ഒരു കാരണവശാലും ആവർത്തിക്കുകയില്ലെന്നും പാപങ്ങളും പാപഹേതുക്കളും പാപസാഹചര്യങ്ങളും പൂർണമായി ഉപേക്ഷിക്കാമെന്നും ദൃഢപ്രതിജ്ഞ ചെയ്യണം.

***ആണ്ടിലൊരിക്കലെങ്കിലും മതിയില്ലേ? കൂടെക്കൂടെ കുമ്പസാരിക്കണോ?***

മനുഷ്യനിലെ ജഡപ്രകൃതി പാപം ചെയ്യാൻ അവനെ നിരന്തരം പ്രലോഭിപ്പിക്കുന്നു. "ആഗ്രഹിക്കുന്ന നന്മയല്ല, ആഗ്രഹിക്കാത്ത തിന്മ" നാം ചെയ്തുപോകുന്നു. (റോമ. 7:19-25). നിരന്തരമായ ശുദ്ധീകരണം നമുക്കാവശ്യമുണ്ട്. നമ്മുടെ കഴിവുകൊണ്ട് പാപത്തിൽ വീഴാതിരിക്കാൻ സാധിക്കില്ല. ദൈവത്തിന്റെ കൃപ നമുക്കുവേണം, അതിനാണ് ഈ കൂദാശ രണ്ടാഴ്ചയിലൊരിക്കൽ സ്വീകരിക്കണമെന്ന് പറയുന്നത്.

***വിശുദ്ധ കുമ്പസാരമെന്ന കൂദാശ, പാപം ചെയ്യാനുള്ള ലൈസൻസ് ആണെന്നു പറയുന്നവരുണ്ടല്ലോ?***

അല്ല. മറിച്ച്, പാപത്തിൽ വീണാൽ മോചനം നേടി വിശുദ്ധീകരിക്കപ്പെടുന്നതിനുള്ള ദൈവിക സംവിധാനമാണ്. പാപി പാപമോചനം നേടി വിശുദ്ധനായിത്തീർന്ന് വിശുദ്ധിയിൽ ജീവിക്കുന്നതിനുവേണ്ടി മിശിഹാ സ്ഥാപിച്ച കൂദാശയാണ് അനുരഞ്ജന കൂദാശ. പാപിനിയായ സ്ത്രീയുടെ പാപങ്ങൾ മോചിച്ചശേഷം അവർക്കു നല്കിയ മുന്നറിയിപ്പും വൈദികൻ അനുതാപിയോട് പറയുന്നുണ്ട്. ഈശോ പറഞ്ഞു: "ഞാനും നിന്നെ വിധിക്കുന്നില്ല, പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്" (യോഹ. 8:11). പാപമോചനം ലഭിച്ചതിനാൽ പാപങ്ങൾ ആവർത്തിക്കരുത് എന്നുവ്യക്തം. എന്നാൽ, വീണുപോയാൽ എഴുന്നേല്ക്കാനുള്ള അവസരമുണ്ട് എന്നതും സത്യമാണ്.

***ഉപേക്ഷിച്ച പാപങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്താണ് ചെയ്യേണ്ടത്?***

പാപമോചനം പ്രാപിച്ച് വിശുദ്ധരായി കഴിഞ്ഞാൽ ജീവിതകടമകൾ കൂടുതൽ തീക്ഷ്ണതയോടെ ചെയ്യുന്നതോടൊപ്പം സംഭവിച്ചുപോയ പാപങ്ങൾക്കെതിരായ നന്മകൾ ചെയ്യുകയും വേണം. ഉദാഹരണത്തിന്, കള്ളം പറഞ്ഞവനും മോഷ്ടിച്ചവനും ഇനിയെ

*(Continued on page 5)*

*(Continued from page 3)*

സിന് എന്തു സംഭവിച്ചു? മറിച്ച് അല്പമേ ഉള്ളുവെങ്കിലും അത് ധാർമ്മികതയിലൂടെ, സത്യസന്ധതയിലൂടെ നേടുമ്പോൾ നിനക്കു ലഭിക്കുന്ന ആനന്ദം അവർണ്ണനീയമാണല്ലോ.

വെട്ടിപ്പിടിച്ചതും കട്ടെടുത്തതും ഒറ്റയ്ക്കു ചുമന്നുകൊണ്ടു പോകാൻ പറ്റില്ലല്ലോ. അതു കവർന്നെടുക്കാനും കട്ടെടുക്കാനും വേറെ ആരെങ്കിലും ഉണ്ടാകുമെന്നു തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ! ഒത്തിരിനേടി ഒളിച്ചുവെയ്ക്കാൻ ഇടം കണ്ടെത്താൻ കഷ്ടപ്പെടുന്നതിനേക്കാൾ നല്ലത് ഉള്ളതു സൂക്ഷിച്ചു സുഖം കണ്ടെത്തുന്നതല്ലേ? ധനികന് അധികം സമ്പത്ത് കൃഷിയിടം നല്കിയപ്പോൾ ആനന്ദമല്ല അസ്വസ്ഥതയാണ് നല്കിയതെന്ന് തിരിച്ചറിയണം. ജീവിതം നിരന്തര സന്തോഷത്തിന് ഇടയാവുന്നതാകട്ടെ.

ഒത്തിരി സ്നേഹത്തോടെ,
ഫാ. സജി പിണർകയിൽ

# Pilgrimage to Marian Centers in Europe





### For Favors Received



- One Faithful

### For Favors Received



- One Faithful

*(Continued from page 4)*

ന്താണ് ചെയ്യേണ്ടതെന്ന് വചനം വ്യക്തമാക്കുന്നു. "അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയല്ക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്" (എഫേ. 4:25"മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരുത്. അവൻ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ എന്തെങ്കിലും സമ്പാദിക്കുന്നതിനുവേണ്ടി സ്വന്തം കൈകൾകൊണ്ട് മാന്യമായ ജോലിചെയ്യട്ടെ" (എഫേ. 4:28). തിന്മ ഉപേക്ഷിക്കുമ്പോഴുണ്ടാകുന്ന ശൂന്യാവസ്ഥയെ തിന്മയ്ക്കെതിരായ നന്മകളും ദൈവസ്തുതികളും കൊണ്ട് നിറയ്ക്കണം.

## Season of Kaitha

This season commences commemorating the twelve apostles of Christ. The seven week long period is called Kaitha. The term 'Kaitha' means summer. It is the season of harvest.

This season reminds us of the growth of the Church as a result of the missionary activity of the apostles. The criteria to measure the growth of the Church are the life of witness of the individual Christians. Hence the commemoration of apostles and martyrs who were faithful to the Church is a special feature of this season. It reminds also of our responsibility to follow their life-style. This season reminds us of a total conversion which is effected by the renewal of mind and heart through the obedience of the law.

It can be seen also as a preparation to the season of Elijah-Cross-Moses that points to the second coming of our Lord. It directs us to the need of repentance and conversion. We have to be prepared for the second coming of our Lord. May this season help us to renounce our sinful ways and lead a life of holiness.




Feast of St. Thomas held at St. Mary's sponsored by parishioners from Punnathura.



## FEAST OF ST. JAMES ON JULY 22

Feast celebration of St. James will be held at both churches on Sunday July 22nd at 10:00 A.M.
Sponsors of Sacred Heart: Jacob Pullappally and family.
Sponsors of St. Mary's: St. James' Koodarayogam coordinated by Stephen Kizhakkekuttu.

## St. Mary's Summer Camp





For Juniors
(3rd grade to 8th grade)
**On August 15, 16, 17**
(Wednesday, Thursday, Friday)
10:00 A.M. to 4:00 P.M.
**Subject:** Bible and Holy Mass
**Classes led by** Fr. Abraham Mutholath, Dr. Sr. Deepa SJC Sr. Anugraha, Dr. Sindhu, Dr. Alex etc.
Group Games & Demonstrations by Former KCYL team
Limited seats so please register early. For Registration, contact: Saji Poothruckayil, John Pattapathy, or Sunny Meledam

For Favors Received



- One Faithful

For Favors Received



- One Faithful

| OFFERINGS | July 1 | July 8 |
|---|---|---|
| **ST. MARY'S, MORTON GROVE** | | |
| Novena of St. Jude | 187.00 | 136.00 |
| Sunday Mass at 10:00 A.M. | 1,007.00 | 962.00 |
| Sunday 5:30 P.M. Mass | 440.00 | 156.00 |
| Facility Usage | 1,150.00 | 1,150.00 |
| St. Thomas feast | 440.00 | 250.00 |
| St. Mary's Shrine | 512.00 | 86.00 |
| Building Fund | 500.00 | |
| Malayalam Class | | 2,000.00 |
| **TOTAL ST. MARY'S** | **4236.00** | **4,740.00** |
| **SACRED HEART, MAYWOOD** | | |
| Sunday 10:00 A.M. Mass | 779.00 | 639.00 |
| Monthly Pledge | 40.00 | 405.00 |
| Facility Usage | 150.00 | |
| Feast sponsors & offerings | 100.00 | 382.00 |
| Guadalupe Shrine Offering | 59.00 | 68.00 |
| Sponsor: Baptism Font | 500.00 | |
| Sponsor: Class room Division | | 1,000.00 |
| **TOTAL SACRED HEART** | **1,628.00** | **2,494.00** |
| **AGAPE MOVEMENT** | | |
| Sacred Heart Agape Store | 60.00 | 36.00 |
| St. Mary's Agape Store | 125.00 | 140.00 |
| Bulletin Donation | 75.00 | 125.00 |
| Manthra Death Anniversary | 73.00 | 85.00 |
| Donation Box | 100.00 | 139.00 |
| Birthday Donation | | 200.00 |
| **TOTAL AGAPE** | **433.00** | **725.00** |

# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കാത്തലിക് ദൈവാലയത്തിൽ

# പരിശുദ്ധ മാതാവിന്റെ ദർശന തിരുന്നാൾ മഹോത്സവം

**2012 ആഗസ്റ്റ് 10,11, 12 (വെള്ളി, ശനി, ഞായർ) തീയതികളിൽ**

**ആഗസ്റ്റ് 10, വെള്ളി വൈകുന്നേരം 6:30 മുതൽ**

പ്രസുദേന്തിമാർ സ്പോൺസർ ചെയ്യുന്ന

**പുതിയ കൊടിമരത്തിന്റെ വെഞ്ചരിപ്പ്**

പതാക ഉയർത്തൽ, ലദീഞ്ഞ്, പാട്ടുകുർബ്ബാന

മുഖ്യ കാർമ്മികൻ: **മാർ ജേക്കബ് അങ്ങാടിയാത്ത്**

പ്രസംഗം: **റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്**

**(രൂപതാ ചാൻസലർ)**

St. Mary's Youth & Children Choir

**സെന്റ് മേരീസ് മിനിസ്ട്രികൾ അവതരിപ്പിക്കുന്ന**

**കലാസന്ധ്യ**

**ആഗസ്റ്റ് 11, ശനി വൈകുന്നേരം 5:00 മുതൽ**

**പ്രസുദേന്തി വാഴ്ച**

ലദീഞ്ഞ്, പാട്ടുകുർബ്ബാന, നിത്യസഹായ മാതാവിന്റെ നൊവേന

കാർമ്മികൻ: **റവ. ഫാ. സജി പിണർകയിൽ**

പ്രസംഗം: **റവ. ഫാ. ജോയി ആലപ്പാട്ട്**

**(കത്തീഡ്രൽ വികാരി)**

Sacred Heart Church Choir

**കല്ലോൻ വാഴ്ച**

**സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് കൂടാരയോഗങ്ങൾ അവതരിപ്പിക്കുന്ന കലാസന്ധ്യ**

**ആഗസ്റ്റ് 12, ഞായർ രാവിലെ 10:00 മുതൽ**

ലദീഞ്ഞ്, തിരുന്നാൾ കുർബ്ബാന

കാർമ്മികൻ: **റവ. ഫാ. സിജു മുടക്കോടിൽ**

പ്രസംഗം: **റവ. ഫാ. റെന്നി കട്ടേൽ**

St. Mary's Church Choir

വാദ്യമേളങ്ങളോടുകൂടിയ

**ആഘോഷമായ തിരുന്നാൾ പ്രദക്ഷിണം**



അടിമ വയ്ക്കൽ, ലേലം

**പ്രസുദേന്തിമാർ:**
**ഫ്രാൻസീസ് കിഴക്കേക്കുറ്റ്,**
**ജോസ് പിണർകയിൽ**
**രാജു നെടിയകാലായിൽ,**
**ജെയ്ബു കുളങ്ങര**
**ജെയിംസ്**
**തിരുനെല്ലിപ്പറമ്പിൽ,**
**ഷാജി എടാട്ട്**

| READINGS & READERS | കൈത്താക്കാലം (First Sunday of Kaitha) | | |
|---|---|---|---|
| JULY 15 | READINGS | SACRED HEART 10:00 A.M. | ST. MARY'S 10:00 A.M. |
| FIRST | 1 Kings 18:30-39 | Suja Ethithara | Elsamma Poozhikunnel |
| SECOND | Act 5:12-32 | Eline Ottathyacal | Shawn Tharathattel |
| GOSPEL | Luke 14:7-14 | The mentality of the disciples | |

| READINGS & READERS | കൈത്താക്കാലം (Second Sunday of Kaitha) | | |
|---|---|---|---|
| JULY 22 | READINGS | SACRED HEART 10:00 A.M. | ST. MARY'S 10:00 A.M. |
| FIRST | Deut. 4:32-40 | Jimmy Kaniyaly | Antony Valloor |
| SECOND | 2 Cor 3:4-11 | Denny Pullapally | Hannah Kizhakkethil |
| GOSPEL | Lk 15:1-7 | There is joy in heaven over one sinner who repents. | |

## KNANAYA REGION RETREAT 2013

**July 18 - 21, 2013 in Chicago**
**Please register your family for this great spiritual experience**
**Led by our Bishops and Shalom Team.**
**Separate sessions for adults, youth, and children.**
**Registration forms can be downloaded from**
**www.knanayaregion.us/retreat.htm**

